# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3301** | **08.11.2019 ൽ മറുപടിയ്ക്ക്**

**ഓണത്തിന് ഒരു മുറം പച്ചക്കറി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോ; അത് വിജയപ്രദമായിരുന്നോ; വ്യക്തമാക്കാമോ;<br><br>ബി) സംസ്ഥാനത്തുണ്ടായ മഴക്കെടുതി പ്രസ്തുത പദ്ധതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നാശനഷ്ടമാണ് ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ; | എ) & ബി) ഉത്സവ സീസണുകളിൽ പച്ചക്കറിയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായും ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചും ഓരോ വീടിനും ആവശ്യമായ വിഷരഹിത പച്ചക്കറി സ്വന്തം വീട്ടുവളപ്പിൽ തന്നെ ഉല്പാദിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് "ഓണത്തിന് ഒരുമുറം പച്ചക്കറി"<br><br>സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പ്രതിവർഷം 20 ലക്ഷം ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. ഇതിന്റെ 10 മുതൽ 20 ശതമാനം വരെ ഓണക്കാലത്താണ് ഉപയോഗിക്കപ്പെടുന്നത്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി പച്ചക്കറി വിത്ത് പാക്കറ്റുകൾ, തൈകൾ, ഗ്രോബാഗ് യൂണിറ്റുകൾ എന്നിവ നൽകി വരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയതിലൂടെ മാത്രം സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 96899.52 മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. |

2018-19 സാമ്പത്തിക വർഷത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രകാരം വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 1 കോടി പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾക്കും, കർഷകർക്കുമായി വിതരണം ചെയ്തു. കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകളും കർഷകർക്കു സൗജന്യമായി നൽകി. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയം മൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വന്ന പദ്ധതിയിൽ പച്ചക്കറി വിള വിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വിളനാശം സംഭവിക്കുകയുണ്ടായി. ഈ സ്ഥിതിയിൽ നിന്നും കർഷകരെ പുനരുജ്ജീവിപ്പിക്കുന്നതിന് 'പുനർജ്ജനി' എന്ന പദ്ധതിയിലൂടെ 1 കോടി പച്ചക്കറി തൈകളും 77 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം ചെയ്തു. ഇതിലൂടെ 35391 ഹെക്ടർ സ്ഥലത്തേയ്ക്ക് പച്ചക്കറി കൃഷി പുനസ്ഥാപിക്കുകയും 1.85 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിക്കുയുണ്ടായി.

2019-20 സാമ്പത്തിക വർഷം 92000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനും 14.70 ലക്ഷം മെട്രിക് ടണ്ണായി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

സി) വിഷരഹിത പച്ചക്കറികൾ സമാഹരിച്ച് വിതരണം ചെയ്യുന്നതിൽ ഹോർട്ടികോർപ്പ് വി.എഫ്.പി.സി.കെ. എന്നിവയുടെ ഇടപെടൽ എത്രത്തോളം വിജയപ്രദമാണ്; വിശദമാക്കുമോ;

സ) ഉത്തമ കാർഷിക മുറ കൃഷി രീതി അവലംബിച്ച് കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ വി.എഫ്.പി.സി.കെ. ഓണക്കാലത്ത് നടത്തിയ ചില്ലറ വില്പന ശാലകൾ വഴി ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 3.9 ടൺ പച്ചക്കറികളാണ് വിതരണം നടത്തിയത്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അന്യസംസ്ഥാന ജില്ലയിലെ കർഷക കൂട്ടായ്മകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ഗുണനിലവാരം ഉറപ്പുവരുത്തി സംഭരിച്ച് ഹോർട്ടികോർപ്പ് വഴിയും വിപണനം നടത്തുന്നുണ്ട്.

ഡി) കാർഷിക ഉത്പന്നങ്ങൾ നേരിട്ട് കർഷകരിൽ നിന്നും സംഭരിച്ച് ന്യായവിലക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഡി) സംസ്ഥാനത്ത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ അധീനതയിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ, 5 ജില്ലാതല സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന കർഷകർ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കർഷകർ/കർഷക കൂട്ടായ്മകൾ നേരിട്ട് പഴം-പച്ചക്കറി ഇടനിലക്കാരെ ഒഴിവാക്കി

വ്യാപാരികൾക്ക് ലേല സംവിധാനത്തിലൂടെ നൽകുന്ന സാഹചര്യം നിലവിലുണ്ട്.

ഇത് കൂടാതെ പച്ചക്കറി വികസന പദ്ധതി, കാർഷിക വിപണി ശക്തിപ്പെടുത്തൽ, ജൈവകൃഷി പദ്ധതി എന്നീ പദ്ധതികൾ മുഖേന സംസ്ഥാനത്തുടനീളം കർഷക വിപണികൾ പ്രവർത്തിച്ചു വരുന്നുണ്ട്. കാർഷിക വിപണി ശക്തിപ്പെടുത്തൽ പദ്ധതി പ്രകാരം 400 ആഴ്ചചന്തകളും, 213 ഇക്കോഷോപ്പുകളും ജൈവകൃഷി പദ്ധതി പ്രകാരം 241 ഇക്കോഷോപ്പുകളും, പച്ചക്കറി വികസന പദ്ധതി പ്രകാരം 26 ബി.എൽ.എഫ്.ഒ. വിപണികളും 128 ക്ലസ്റ്റർ മാക്കറ്റുകളും സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ വഴി സംഭരിച്ച് വിപണനം നടത്തുമ്പോൾ കർഷകർക്ക് ന്യായ വില ഉറപ്പുവരുത്തുന്നതിനായി മാർക്കറ്റിംഗ് സെയിൽസ് പ്രമോഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 232 ലക്ഷം രൂപയും മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതി പ്രകാരം 17 ലക്ഷം രൂപയും വിലയിടിവ് വരുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിനായി 96.5 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**